പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. T 2161 | 07/03/2017 ൽ മറുപടി നല്കേണ്ടത്. |
|---|---|

**മത്സ്യത്തിൽ രാസവസ്തുക്കളുടെ ഉപയോഗം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.ടി.ബൽറാം** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കൂടുതൽ കാലം കേട്ട വരാതെ സൂക്ഷിക്കുന്നതിന്,മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടുതൽ കാലം കേടു വരാതെ സൂക്ഷിക്കുന്നതിന് മത്സ്യത്തിൽ സോഡിയം ബെൻസേറ്റ്, ഫോർമാലിൻ എന്നീ രാസവസ്തുക്കൾ ചേർക്കുന്നതായി രാസ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. |
| ബി) | ഇതിനായി എന്തെല്ലാം പരിശോധനകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) | മത്സ്യത്തിലെ രാസവസ്തുക്കൾ കണ്ടെത്തുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് വിവിധയിനം മത്സ്യത്തിന്റെയും ഐസ്സിന്റെയും സാമ്പിളുകൾ ശേഖരിച്ച് കൊച്ചിയിലുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിലും തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് എന്നിവിടങ്ങളിലെ സർക്കാർ അനലിറ്റിക്കൽ ലാബുകളിലും രാസ പരിശോധന നടത്തി വരുന്നു.<br>ഇതിനായി GCMSMS(ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോഫോട്ടോമീറ്റർ ) എന്ന ഉപകരണം ഉപയോഗിക്കുന്നു. |
| സി) | ഇത് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ? | സി) | പഠനങ്ങൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ